# അപകടം കുറയ്ക്കാൻ കാഴ്ചപ്പാട് മാറണം: സെമിനാർ

തൃശ്ശൂർ : കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗതാഗത സുരക്ഷയെ കുറിച്ചുള്ള ഏകദിന സെമിനാർ സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ചു. സെമിനാർ തൃശ്ശൂർ ജില്ലാ കളക്ടറും ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാനും കൂടിയായ ഡോ. വി. എം. ഗോപാലമേനോൻ ഉദ്ഘാടനം ചെയ്തു.

ഡോ. ആർ. വി. ജി. മേനോന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സെഷനിൽ മുൻ റയിൽവേ ബോർഡ് അംഗവും സംസ്ഥാന റോഡ് സുരക്ഷാ കൗൺസിൽ അംഗവുമായ എം. എൻ. പ്രസാദ് മുഖ്യ പ്രഭാഷണം നടത്തി.

ഗതാഗത സുരക്ഷയുടെ കാര്യത്തിൽ ശാസ്ത്രീയവും സമഗ്രവുമായ സമീപനം ആവശ്യമാണെന്ന് എം. എൻ. പ്രസാദ് പറഞ്ഞു. എങ്കിൽ മാത്രമേ അപകടങ്ങളുടെ മൂലകാരണങ്ങൾ ശരിയായി മനസ്സിലാക്കുവാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും അതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കാനും കഴിയൂ. റോഡപകടങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തെ കുറിച്ച് നാറ്റ്പാക്കിലെ(National Transportation Planing and Research Centre) ചീഫ് പ്രൊജക്ട് കോർഡിനേറ്ററായ മഹേഷ് ചന്ദ് പ്രബന്ധം അവതരിപ്പിച്ചു. റോഡ് സുരക്ഷാ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് നാറ്റ്പാക്കിലെ പരിശീലനവിഭാഗം തലവൻ വി. രാജഗോപാൽ സംസാരിച്ചു. തുടർന്ന്, റോഡ് സുരക്ഷാ-പ്രശ്നങ്ങളും പരിഹാരങ്ങളും, നിർദ്ദേശങ്ങളും എന്ന വിഷയത്തിൽ തൃശ്ശൂർ ആർ. ടി. ഒ. വിശ്വേശരൻ നായർ, തൃശ്ശൂർ ഡി. വൈ. എസ്. പി. ക്രസ്റ്റി ബാസ്റ്റിൻ, സംസ്ഥാന റോഡ് സുരക്ഷാ കൗൺസിൽ അംഗം ഉപേന്ദ്ര നാരായണൻ, സി. സി. ബാബു, ഡോ. കെ. ജി. രാധാകൃഷ്ണൻ, സി. ടി. അജിത് കുമാർ എന്നിവർ സംസാരിച്ചു. തൃശ്ശൂർ ജില്ലയിലെ എൻ. എച്ച്. 47നെ കുറിച്ച് പഠിക്കുന്നതിനും നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും ആയി 21 പേരുടെ കർമ്മസമിതിക്ക് രൂപം നൽകി.

റോഡപകടങ്ങൾ കുറക്കുന്നത് സംബന്ധിച്ച് പരിഷത്ത് ഏറ്റെടുക്കുന്ന കാമ്പയിനിന്റെ ആദ്യപടിയായാണ് സെമിനാർ സംഘടിപ്പിച്ചത്.

## കേരളത്തിലെ റോഡപകടങ്ങൾ (1996–2001)

| വർഷം | അപകടങ്ങൾ | മരിച്ചവർ | പരിക്കേറ്റവർ | ദിവസം തോറുമുള്ള കണക്ക് | | |
|---|---|---|---|---|---|---|
| | | | | അപകടങ്ങൾ | മരിച്ചവർ | പരിക്കേറ്റവർ |
| 1996 | 35,731 | 2,790 | 51,780 | 98 | 8 | 142 |
| 1997 | 34,661 | 2,699 | 48,810 | 95 | 7 | 134 |
| 1998 | 32,837 | 2,463 | 45,318 | 90 | 7 | 127 |
| 1999 | 33,979 | 2,574 | 35,107 | 93 | 7 | 96 |
| 2000 | 37,072 | 2,711 | 49,399 | 102 | 7 | 135 |
| 2001 | 38,361 | 2,674 | 49,675 | 105 | 7 | 136 |